ഉത്തരം

(എ) 10,996.37 ഏക്കർ.

(ബി) തലശ്ശേരി താലൂക്കിൽ എല്ലാ വില്ലേജുകളിലും പുറമ്പോക്ക് ഭൂമിയുണ്ട്.

(സി) തലശ്ശേരി താലൂക്കിൽ കൊളവല്ലൂർ വില്ലേജിൽ പി. ആർ. സ്മാരക സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയിരുന്ന നിവേദനം പരിശോധിച്ചുവരുന്നു.

പട്ടയ വിതരണം

265 [3242] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിൽ യു. ഡി. എഫ്. സർക്കാരിന്റെ കാലയളവിൽ എത്ര പട്ടയം നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പട്ടയം ലഭിച്ചിട്ടില്ലാത്ത എത്ര കോളനികൾ കുന്ദമംഗലം മണ്ഡലത്തിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കോളനികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ഡി) കുന്ദമംഗലം മണ്ഡലത്തിലെ മുഴുവൻ കോളനികൾക്കും എന്നത്തേക്ക് പട്ടയം നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 136 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

മുക്കം പഞ്ചായത്ത്	-	41	എണ്ണം
പെരുമണ്ണ പഞ്ചായത്ത്	-	5	"
മാവൂർ പഞ്ചായത്ത്	-	7	"
ചാത്തമംഗലം പഞ്ചായത്ത്	-	41	"
കുന്ദമംഗലം പഞ്ചായത്ത്	-	36	"
കുരുവട്ടൂർ പഞ്ചായത്ത്	-	6	"

(ബി) കോളനിയിലെ നിവാസികൾക്കാണ് പട്ടയം നൽകുന്നത്. പട്ടയം നൽകുന്നതിന് പഞ്ചായത്തിന്റെ അനുമതിപത്രിക ലഭിച്ച എല്ലാ അപേക്ഷകർക്കും പട്ടയം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പഞ്ചായത്തുകളിൽനിന്നും ഭൂമി ലഭിച്ച വ്യക്തികൾ ആയത് കൈമാറ്റം നടത്തുകയും അപ്രകാരം ഭൂമി കൈമാറി ലഭിച്ചവർക്ക് പഞ്ചായത്തിൽനിന്നും അനുവാദപത്രിക ലഭിക്കാത്തതുമാണ് പട്ടയം നൽകുവാൻ തടസ്സമായിട്ടുള്ളത്. കൂടാതെ മുൻകൈവശക്കാർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതിനാൽ ഇപ്പോൾ ഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുവാൻ സാധിക്കുകയില്ല.

(ഡി) പഞ്ചായത്തിന്റെ അനുമതിപത്രിക ഹാജരാക്കുന്ന മുറയ്ക്കേ കേരള ഭൂമി പതിവ് ചട്ടം അനുസരിച്ച് പട്ടയം നൽകാൻ കഴിയുകയുള്ളൂ.

സർക്കാർ ഭൂമി പതിച്ചുകിട്ടിയ സാമൂഹ്യ-സന്നദ്ധ സംഘടനകൾ

266 [3243] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് ഏതെല്ലാം സാമൂഹ്യ-സന്നദ്ധ സംഘടനകൾക്ക് സർക്കാർ ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സംഘടനയ്ക്കും ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഭൂമി വീതമാണ് പതിച്ചുനൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് സാമൂഹ്യ-സന്നദ്ധ സംഘടനകൾക്ക് സർക്കാർ ഭൂമി പതിച്ചുനൽകിയതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

1995-ലെ റാങ്ക് ലിസ്റ്റ് പ്രകാരമുള്ള ലീഗൽ അസിസ്റ്റന്റ് നിയമനം

267 [3244] *ശ്രീ. റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ നിയമവകുപ്പ് ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് നിയമനം നടത്തുവാൻ തയ്യാറാക്കിയ റാങ്ക്ലിസ്റ്റ് പ്രകാരം സെക്രട്ടറിയേറ്റ് കാട്ടയിൽ നിന്നുള്ള എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന അഡ്വൈസ് നൽകിയെന്നും, അവരിൽ ആരൊക്കെ ജോലിയിൽ പ്രവേശിക്കാതിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) മേൽപ്രകാരം സെക്രട്ടറിയേറ്റ് കാട്ടായിൽനിന്നും ജോലിയിൽ പ്രവേശിക്കാതിരുന്ന ഒഴിവുകളിൽ, കാറ്റഗറി 4-ൽപ്പെട്ട ഏതൊക്കെ ഉദ്യോഗാർത്ഥികൾക്ക് ഏതൊക്കെതീയതികളിൽ ഏതൊക്കെ റൊട്ടേഷൻ അനുസരിച്ച് നിയമനം നൽകിയെന്നും, അവരിൽ ആരൊക്കെ ജോലിയിൽ പ്രവേശിക്കാതിരുന്നുവെന്നും വ്യക്തമാക്കുമോ;

---

†അനുബന്ധം XIV കാണുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV

[5-8-2005-ലെ 266 (3243)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

	സംഘടന	ജില്ല	വില്ലേജ്	വിസ്തീർണ്ണം
	(1)	(2)	(3)	(4)
1	റ്റി. എ. മജീദ് മെമ്മോറിയൽ സൊസൈറ്റി ഫോർ ഇൻഡസ്ട്രിയൽ എഡ്യൂക്കേഷൻ ആന്റ് കൾച്ചറൽ ഡവലപ്മെന്റ്	തിരുവനന്തപുരം	വർക്കല	4.5 സെന്റ്
2	കൃഷ്ണപിള്ള ഫൗണ്ടേഷൻ	തിരുവനന്തപുരം	വഞ്ചിയൂർ	11 സെന്റ്
3	കേരള എൻ. ജി. ഒ. യൂണിയൻ	തിരുവനന്തപുരം	കവടിയാർ	10 സെന്റ്
4	ജയപ്രകാശ് മെമ്മോറിയൽ ട്രസ്റ്റ്	തിരുവനന്തപുരം	പേരൂർക്കട	4.25 സെന്റ്
5	കേരളീയ പഠന ഗവേഷണകേന്ദ്രം	തിരുവനന്തപുരം	പേരൂർക്കട	0.40 സെന്റ്
6	സിദ്ധനർ സർവ്വീസ് സൊസൈറ്റി	തിരുവനന്തപുരം	പേട്ട	10 സെന്റ്
7	പ്രസ്സ് ക്ലബ്ബ്	തിരുവനന്തപുരം	വഞ്ചിയൂർ	2.5 സെന്റ്
8	ബ്രദേഴ്സ് ലൈബ്രറി ആന്റ് റീഡിംഗ് റൂം	തിരുവനന്തപുരം	കവടിയാർ	2 സെന്റ്
9	യൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റ്	ഇടുക്കി	തൊടുപുഴ	4 സെന്റ്
10	മന്നം മെമ്മോറിയൽ നഴ്സറി സ്കൂൾ	കോട്ടയം	ഏറ്റുമാനൂർ	3.55 സെന്റ്
11	പാമ്പാടി പബ്ലിക് ലൈബ്രറി	കോട്ടയം	പാമ്പാടി	7.5 സെന്റ്
12	എക്സ് സർവ്വീസ് ലീഗ്	പാലക്കാട്	കൊപ്പം	2 സെന്റ്
13	കണ്ണൂർ പ്രസ്സ് ക്ലബ്ബ്	കണ്ണൂർ	എളയാവൂർ	1 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

14	മെയ്യാത്ത് ശങ്കരൻ സ്മാരക മന്ദിരം	കണ്ണൂർ	കണ്ണൂർ	3 സെന്റ്
15	കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)	കണ്ണൂർ	കണ്ണൂർ II	1.97 സെന്റ്
16	സ്റ്റാസ്റ്റിക് സൊസൈറ്റി ഓഫ് മലബാർ	കണ്ണൂർ	പുഴാതി	25 സെന്റ്
17	കെ. എ. കേരളീയൻ സ്മാരക കമ്മിറ്റി	കണ്ണൂർ	ചെറുതാഴം	3 സെന്റ്
18	സെക്രട്ടറി, എൻ. ഇ. ബലറാം സ്മാരക മന്ദിര നിർമ്മാണ കമ്മിറ്റി	കണ്ണൂർ	തിരുവങ്ങാട്	4 സെന്റ്
19	സെക്രട്ടറി, ഡി. വൈ. എഫ്. ഐ. സംസ്ഥാന കമ്മിറ്റി	കണ്ണൂർ	കൂത്തുപറമ്പ്	6 സെന്റ്
20	കണ്ണൂർ ജില്ലാ സ്പോർട്ടസ് കൗൺസിൽ	കണ്ണൂർ	പുഴാതി	2.5 ഏക്കർ
21	സെക്രട്ടറി, അച്യുതമേനോൻ സ്മാരക ഗ്രന്ഥാലയം ആന്റ് റീഡിംഗ് റൂം	കാസർഗോഡ്	ചിത്താരി	2.5 സെന്റ്
22	സെക്രട്ടറി, സഫ്തർഹഷ്മി പബ്ലിക് വായനശാല സ്മാരക ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്	കാസർഗോഡ്	അജാന്നൂർ	9 സെന്റ്
23	സെക്രട്ടറി, കയ്യൂർ മാർട്ടിയേഗ്സ് സ്മാരക കമ്മിറ്റി	കാസർഗോഡ്	കയ്യൂർ	4 സെന്റ്
24	പ്രസിഡന്റ്, യംഗ് മെൻ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്	കാസർഗോഡ്	പെരിയ	28 സെന്റ്
25	പ്രസിഡന്റ് എ. കെ. ജി സ്മാരക ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്	കാസർഗോഡ്	പെരിയ	5 സെന്റ്

Page 4